**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **30-09-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങളുടെ ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങളുടെ ഫീസിനെ കുറിച്ച് സർക്കാർ എടുത്ത പുതിയ തീരുമാനം എന്താണെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം. 299/2025/F&CS തീയതി. 28-08-2025 പ്രകാരം അന്ത്യോദയ അന്നയോജന ഗുണഭോക്താക്കളെ സർവീസ് ചാർജ് ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും മറ്റ് വിഭാഗങ്ങൾക്ക് റേഷൻകാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50/-രൂപ സർവീസ് ചാർജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകളിൽ ഫീസ് വീണ്ടും ഈടാക്കാൻ കാരണം എന്താണ്; വ്യക്തമാക്കാമോ; | (ബി) | 17/07/2024 ലെ സ.ഉ.(അച്ചടി) നം.55/2024/ധന നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിശോധിച്ച് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാർ തീരുമാന പ്രകാരമാണ് റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50 രൂപ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളത്. |
| (സി) | ഏതു വിഭാഗത്തിലെ ഗുണഭോക്താക്കളെയാണ് ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | അന്ത്യോദയ അന്നയോജന ഗുണഭോക്താക്കളെ സർവീസ് ചാർജ് ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട് . |
| (ഡി) | ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ സമർപ്പിച്ച ശിപാർശയെ അടിസ്ഥാനമാക്കിയുള്ള സർക്കാർ ഉത്തരവിന്റെ പ്രധാന നേട്ടം എന്താണെന്ന് വിശദമാക്കാമോ? | (ഡി) | റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50/-രൂപ സർവീസ് ചാർജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ചതുവഴി സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ